LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉത്തരവാദിത്ത ടൂറിസം രംഗത്ത് മറ്റൊരു സംസ്ഥാനവും പ്രത്യേക പ്രോജക്ട് നടപ്പാക്കുന്നില്ല. ഈ രംഗത്ത് ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും അതു വഴി യു.എൻ.ഡബ്ല്യു.റ്റി.ഒ-യുടേതടക്കം ഒട്ടേറെ ദേശീയ അന്തർദേശീയ പുരസ്കാരങ്ങൾ നേടാനും കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ലഭിച്ച പുരസ്കാരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) ഉത്തരവാദിത്ത ടൂറിസത്തിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ 2011 ലാണ് ആരംഭിച്ചത്. പുതുതായി 3 കേന്ദ്രങ്ങളിൽക്കൂടി ടി പദ്ധതി വ്യാപിപ്പിച്ചു. വിവിധ ഉദ്പാദനഗ്രൂപ്പുകളെയും വിതരണ ഗ്രൂപ്പുകളെയും കണ്ടെത്തുകയും അവയെ ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി വിദഗ്ദ്ധ പരിശീലന പരിപാടികൾ നടത്തിക്കൊണ്ട് യൂണിറ്റുകൾ രൂപീകരിച്ച് വരുമാന വർദ്ധനവിന് നടപടികൾ സ്വീകരിച്ചു. ഉത്തരവാദിത്ത ടൂറിസം-ഗ്രാമീണ ടൂറിസം പാക്കേജുകൾ തദ്ദേശീയർക്ക് മുതൽമുടക്കില്ലാതെ അധികവരുമാനം നേടാൻ സഹായിക്കുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണം, പരിശീലനം എന്നിവ വിവിധ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. 2017-18 പദ്ധതി വർഷത്തിൽ എല്ലാ ജില്ലകളിലും ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഉത്തരവാദിത്ത ടൂറിസം കേരളത്തിലെ 14 ജില്ലകളിലും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത മിഷന്റെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ടൂറിസം കേന്ദ്രങ്ങളിലും സാദ്ധ്യതയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതാണ്.

**ആക്സിസിബിൾ ടൂറിസം പദ്ധതി**

180 (5907) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആക്സിസിബിൾ ടൂറിസം പദ്ധതി നടപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഇതിനകം നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെ;വിശദാംശങ്ങൾ നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ മേഖലയിൽ കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന "ഗ്രീൻ കാർപ്പറ്റ്" പദ്ധതിയിൽ ഭിന്നശേഷിക്കാരടക്കമുള്ള വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാകുന്ന തരത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ മാറ്റിയെടുത്ത് പരമാവധി വിനോദസഞ്ചാര കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഭിന്നശേഷി സൗഹൃദ ടോയ്‌ലെറ്റുകൾ റാമ്പുകൾ, വീൽചെയർ സൗകര്യങ്ങൾ, നടപ്പാതകൾ, വിശ്രമ മുറികൾ, പ്രത്യേക പാർക്കിംഗ് മേഖലകൾ എന്നിവയെല്ലാം സാധ്യതയനുസരിച്ച് ഓരോ കേന്ദ്രത്തിലും ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിക്ക് ലക്ഷ്യമിടുന്നു.

**ഉത്തരവാദിത്ത ടൂറിസം പദ്ധതി**

181 (5908) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് എന്തെല്ലാം അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) നിലവിൽ എത്ര ടൂറിസം കേന്ദ്രങ്ങളിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്; വിവരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതി നടപ്പിലാക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly